ओ३म्

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!



# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

## വൈദിക-ദാർശനിക മാസിക

## DAYANANDA SANDESAM



പുസ്തകം: 13 | ലക്കം: 1

### ബാലഗംഗാധര തിലക്
### (1856-1920)

"മാനവരെല്ലാം ആര്യന്മാർ!
വേദജ്ഞാനം ഈശ്വരദത്തം!
സേവനമല്ലോ നമ്മുടെ ധർമ്മം!"

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർത്തിരിക്കേണ്ട പ്രധാന ദിനങ്ങൾ**

ജൂലൈ 06 : ഡോ. ശ്യാമപ്രസാദ് മുഖർജി ജന്മദിനം
ജൂലൈ 19 : മംഗൾ പാണ്ഡെ ജന്മദിനം
ജൂലൈ 21 : ആചാര്യ ആര്യഭാസ്കർജി നിർവാണദിനം
ജൂലൈ 23 : ബാലഗംഗാധര തിലക് ജന്മദിനം
ജൂലൈ 23 : ചന്ദ്രശേഖർ ആസാദ് ജന്മദിനം
ജൂലൈ 31 : ഷഹീദ് ഉദ്ധംസിംങ് രക്തസാക്ഷിദിനം

വാർഷിക വരിസംഖ്യ:125/-          ദീർഘകാലം: 1500/-

സൃഷ്ടി സംവത്സരം: 1972949127, കലിവർഷം 5127, വൈദിക സൗരമാസം: നഭസ്-നഭസ്യ
ചാന്ദ്രമാസം: ആഷാഢം-ശ്രാവണം, കൊല്ലവർഷം: 1200-1201 കർക്കടകം-ചിങ്ങം 2025 ജൂലൈ

# വേദാധ്യയനം

*(മുൻലക്കത്തിന്റെ തുടർച്ച)*

**മണ്ഡലം 1** **സൂക്തം 16**

അടുത്തത് പതിനാറാം സൂക്തത്തിന്റെ ആരംഭമാണ്. അതിലെ ഒന്നാം മന്ത്രത്തിൽ സൂര്യന്റെ ഗുണത്തെ കുറിച്ചാണ് ഉപദേശിച്ചിട്ടുള്ളത്.

കാണ്വോ മേധാതിഥിർ ഋഷിഃ । ഇന്ദ്രോദേവതാ ।

ഗായത്രീ ച്ഛന്ദഃ । ഷഡ്ജഃ സ്വരഃ ।

ആ ത്വാ വഹന്തു ഹരയോ വൃഷ്ണം സോമപീതയേ ।

ഇന്ദ്ര ത്വാ സൂർചക്ഷസഃ ॥

[ഋഗ്വേദം 1:16:1]

പദാർത്ഥം: അല്ലയോ വിദ്വാൻമാരെ! ഏതൊന്നിന്റെയാണോ (വൃഷണം) മഴ പെയ്യിക്കുന്ന സൂര്യലോകത്തെ (സോമപീതയേ) ഏതൊരു വ്യവഹാരത്തിലാണോ സോമം അതായത് ഓഷധികളാൽ നിർമ്മിക്കപ്പെട്ട പദാർത്ഥങ്ങൾ കൂടെ പാനം ചെയ്യുന്നത് അതിനായി (സൂരചക്ഷസ:) ഏതൊന്നിന്റേയാണൊ സൂര്യനിൽ ദർശിക്കപ്പെടുന്നത് (ഹരയ:) ഹരണം ചെയ്യുന്ന കിരണത്തെ പ്രാപിക്കുന്നു. (ത്വാ) അതിനെ നിങ്ങളും പ്രാപ്തമാക്കിയാലും. ഏതൊന്നിനെയാണോ എല്ലാ ജോലിക്കാരും നേടുന്നത് അവ എല്ലാ മനുഷ്യരും (ആവഹന്തു) പ്രാപിക്കട്ടെ. അല്ലയോ മനുഷ്യരെ! ഏതൊന്നിനെ ഞങ്ങൾ അറിയുന്നുവോ (ത്വാ) അതിനെ നിങ്ങളും അറിഞ്ഞാലും.

ഭാവാർത്ഥം: ഏതൊന്നാണോ സൂര്യന്റെ പ്രത്യേക ദീപ്തിയേയും എല്ലാ രസങ്ങളെയും ഹരണം ചെയ്യുന്നത്, എല്ലാറ്റിനേയും പ്രകാശിപ്പിക്കുന്നത്, അതേപോലെ മഴ പെയ്യിപ്പിക്കുന്നതും അവ യഥായോഗ്യമായി അനുകൂലതയോടുകൂടിസേവിക്കുന്നതിലൂടെമനുഷ്യർക്ക് ഉത്തമസുഖത്തെ നൽകുന്നു.

[മഹർഷി ദയാനന്ദസരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്
തർജ്ജമ: കെ.എം. രാജൻ മീമാംസക്]

**ആര്യസമാജത്തിന്റെ ആറാമത്തെ നിയമം**

"ലോകത്തിന് ഉപകാരം ചെയ്യലാണ് ഈ സമാജത്തിന്റെ മുഖ്യ ഉദ്ദേശ്യം. അതായത് മനുഷ്യരുടെ ശാരീരികവും ആത്മീയവും സാമാജികവുമായ ഉന്നതി ഉണ്ടാക്കുക എന്നർത്ഥം."

**അഭീമം മഹിമാ ദിവം വിപ്രോ ബഭൂവ സപ്രഥാഃ (യജുർവേദം 38.17)**
**ഉത്തമനായ വിദ്വാൻ അവിദ്യയെ തിരസ്കരിക്കുന്നു.**

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

**വൈദിക-ദാർശനിക മാസിക**

പുസ്തകം : 13 ലക്കം 1

സൃഷ്ടി സംവത്സരം: 1972949127, കലിവർഷം 5127, വൈദിക സൗരമാസം: നഭസ്- നഭസ്യ
ചാന്ദ്രമാസം: ആഷാഢം - ശ്രാവണം, കൊല്ലവർഷം: 1200 - 1201 കർക്കടകം - ചിങ്ങം 2025 ജൂലൈ



**രക്ഷാധികാരികൾ:** സ്വാമി ആശുതോഷ്ജി പരിവ്രാജക്
ആദിത്യ മുനി, വി. ഗോവിന്ദ ദാസ്
**മുഖ്യപത്രാധിപർ:** കെ.എം. രാജൻ മീമാംസക്
**മാനേജിംഗ് എഡിറ്റർ:** പി.പി. ഉണ്ണികൃഷ്ണൻ
**പത്രാധിപ സമിതി:** ശ്രീകുമാർ.എൻ, കെ.കെ ജയൻ ആര്യ, സന്തോഷ് വി.കെ, പി.പി. സരളാദേവി, സി. ഹരികൃഷ്ണൻ ആര്യ
**വ്യവസ്ഥാപകൻ:** വി. കൃഷ്ണൻകുട്ടി, ജിജിത് ആര്യ


**താളുകൾ മറിക്കുമ്പോൾ**


വേദാദ്ധ്യയനം ..... 2
മുഖവാണി ..... 3
ഋഗ്വേദാദിഭാഷ്യഭൂമിക ..... 5
മനുസ്മൃതി ..... 6
സന്ധ്യോപാസന എന്തുകൊണ്ട്?എങ്ങനെ? ..... 8
ഭാരതചരിത്രത്തിലെ ഏതാനും പരമാബദ്ധങ്ങൾ ..... 9
ജീവിതം ഒരലയാഴി ..... 11
ന്യായദർശനം വാത്സ്യായന ഭാഷ്യം ..... 12
ദയാനന്ദ ദൃഷ്ടാന്ത സംഗ്രഹം ..... 14
സപ്ത ഋഷികളുടെ നിസർഗോപചാരം അഥവാ പ്രകൃതിചികിത്സ വേദങ്ങളിൽ ..... 15
ഗുണപാഠ കഥകൾ ..... 17
യജുർവേദം ഒരു സരള പരിചയം ..... 18


**വിലാസം**


ദയാനന്ദ സന്ദേശം, ആര്യസമാജം
പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ
വെള്ളിനേഴി തപാൽ, പാലക്കാട് - 679 504
Phone : 9446575923, 9497525923
Email :dayanandasandesam@gmail.com
Visit Us : www.aryasmajkerala.org.in
www.vedagurukulam.org


## മുഖവാണി

## ആര്യസമാജം കേരളത്തിൽ

*(തുടർച്ച)*

### പ്രതീക്ഷകളും നമ്മുടെ ആവശ്യങ്ങളും

മലയോര ഗോത്രവർഗ്ഗങ്ങൾ സേവനത്തിനായി വളരെ ഫലവത്തായ ഒരു മേഖലയാണ്. ദക്ഷിണേന്ത്യയിലുടനീളമുള്ള മലകളിലും നീലഗിരിയിലും മലപ്രദേശങ്ങളിലും താമസിക്കുന്ന അവർ സവിശേഷതയാർന്ന ഒരു സമൂഹമാണ്. അവർ ഏകദേശം 1,78,900 എണ്ണം, പല ഗോത്രങ്ങളായി വിഭജിക്കപ്പെട്ടു കിടക്കുന്നു. ഏറ്റവും പുരോഗമിച്ച കൂർഗ് വിഭാഗം ഉൾപ്പെടെയുള്ളവരുടെ ഈ മേഖലകളിൽ സൂക്ഷ്മമായ അന്വേഷണം നടത്തി, അവർ ഞങ്ങളെ ഇരുകൈകളും നീട്ടി കാത്തിരിക്കുന്നത് ഞങ്ങൾ കണ്ടു.

വിദ്യാസമ്പന്നരായ ഉയർന്ന ജാതി ഹിന്ദുക്കൾക്കിടയിൽ ആര്യസമാജത്തോടുള്ള മനോഭാവം പല കോണുകളിലും മാറിക്കൊണ്ടിരിക്കുന്നു, അവർ ഇപ്പോഴും ഞങ്ങളുടെ സംഘടനയുമായി പരസ്യമായി ബന്ധ

**അഗ്നിനാഗ്നിഃ സമിദ്ധ്യതേ (സാമം 944)**
**ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു.**

പ്പെടാൻ വിസമ്മതിക്കുന്നു, അവരുടെ ആദർശങ്ങളുടെ ഉറവിടമായും അവരുടെ ധാർമിക ശക്തിയുടെ ഉറവിടമായും ദയാനന്ദനെ അവർ നോക്കികാണുന്നുണ്ട്. ഹിന്ദു മതഗ്രന്ഥങ്ങളിലെ വൈദിക മന്ത്രങ്ങളും വിവാദപരമായ പല ഭാഗങ്ങളും വിശദീകരിക്കാൻ സനാതനവാദികളായ നിരവധി പ്രഭാഷകരും എഴുത്തുകാരും ഋഷി ദയാനന്ദന്റെ സാങ്കേതികത സ്വതന്ത്രമായി പിന്തുടരുന്നു. പെൺകുട്ടികളുടെ വിവാഹപ്രായം ഉയർത്തുക, വിധവകളുടെ പുനർവിവാഹം ഏർപ്പെടുത്തുക, ബാലവിവാഹം നിർത്തലാക്കുക, ജാതിയുടെ കാഠിന്യം ലഘൂകരിക്കുക, ശുദ്ധി പ്രവർത്തനം എന്നിവ നടത്തുക തുടങ്ങിയ ഞങ്ങളുടെ ആവശ്യങ്ങളിൽ അവർ യാഥാർത്ഥ്യം കണ്ടു. എന്നാൽ അവരുടെ അടിസ്ഥാനപരമായ ബുദ്ധിമുട്ട്, അവരുടെ ആരാധനാരീതിയും ജാതി-വ്യവസ്ഥയും അനൈക്യവുമാണ്. അത് പ്രബുദ്ധമായ വൈദിക ഉപാസനയുടെയും സാഹോദര്യത്തിന്റെയും ഐക്യത്തിന്റെയും ആര്യൻ ആശയങ്ങൾക്ക് തികച്ചും എതിരാണ്. വേദാധ്യാപനം പൂർണ്ണഹൃദയത്തോടെ സ്വീകരിക്കുന്നതിന്, ദക്ഷിണേന്ത്യയിലെ മുഴുവൻ സാമൂഹിക ജീവിതവും പിന്തുടരുന്ന വിഗ്രഹാരാധനയുടെയും ജാതി-വ്യവസ്ഥയുടെയും നിരാകരണം ഉൾപ്പെടുന്നു. ദക്ഷിണേന്ത്യൻ ജീവിതത്തിന്റെ പുനർനിർമ്മാണത്തിന് ഇതൊരു തടസ്സമാണ്. എന്നിരുന്നാലും, ഏതാനും നവീന ആത്മീയ ശക്തികളുടെ പ്രഭാവത്താൽ അവർ ഇക്കാര്യം മനസ്സിലാക്കി വരുന്നു. ഹിന്ദുക്കളെ രക്ഷിക്കാനുള്ള ഏക പ്രതീക്ഷ ജാതിരഹിതമായ ആര്യ സാഹോദര്യത്തിന്റെയും യഥാർത്ഥ ഈശ്വരാരാധനയുടെ വൈദിക സിദ്ധാന്തങ്ങളുടേയും ഉൾക്കൊള്ളലാണ്.

ധർമ്മപ്രബോധനം, കൂട്ടായ അദ്ധ്യാപനം, വീടുവീടാന്തരം അച്ചടിച്ച ലഘുലേഖകളുടെ വിതരണം, വേദപുസ്തക ക്ലബുകൾ, പത്രപ്രചാരണം, സത്സംഗം, സംസ്കാരങ്ങൾ തുടങ്ങിയവയാണ് ഇപ്പോഴും കടന്നുചെല്ലാൻ സാധിച്ചിട്ടില്ലാത്ത ബഹുഭൂരിപക്ഷം വിഭാഗക്കാരെയും തിരിച്ചുകൊണ്ടുവരാനുള്ള പ്രധാന മാർഗ്ഗങ്ങൾ.

**(തുടരും)**

- പത്രാധിപർ


# ദയാനന്ദ സന്ദേശം മാസിക

**സത്യ - സനാതന - വൈദിക ധർമ്മ സന്ദേശം**
**ആര്യധർമ്മത്തിന്റെ പാഞ്ചജന്യം**

വായിക്കുക...................... പ്രചരിപ്പിക്കുക.............. വരിക്കാരാവുക

വാർഷിക വരിസംഖ്യ 125/- രൂപ ദീർഘകാലം 1500/-

**വരിസംഖ്യ അയക്കേണ്ട വിധം**

**Account Name : Dayananda Sandesam**
**Account No : 426400100072426, Punjab National Bank Cherpalcheri**


**ഓം നമഃ ശംഭവായ ച മയോഭവായ ച (യജു. 16.41)**
**മംഗളത്തിന്റെയും സുഖത്തിന്റെയും ഉറവിടമായ ഭഗവാനെ! അങ്ങയെ നമസ്കരിക്കുന്നു.**



(മുൻലക്കത്തിന്റെ തുടർച്ച)

# ഋഗ്വേദാദി ഭാഷ്യഭൂമിക

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ. എം. രാജൻ മീമാംസക്

## 4. വേദവിഷയവിചാരം:

**ഭാ**ഷാർത്ഥം: (ഇന്ദ്രം മിത്രമ്......) ചതുർവേദങ്ങൾ, ശതപഥം തുടങ്ങിയ ചതുർബ്രാഹ്മണങ്ങൾ, നിരുക്തം തുടങ്ങിയ ആറ് ശാസ്ത്രങ്ങൾ മുതലായവയുടെ പ്രമാണത്താൽ ആരെയാണോ, ബ്രഹ്മ, ഇന്ദ്രൻ, ഈശ്വരൻ, അഗ്നി തുടങ്ങിയ വേദോക്ത നാമങ്ങളാൽ പ്രതിപാദിതനായത്, അണോരണീയ തുടങ്ങിയ ഉപനിഷദ് പ്രോക്തമായ വിശേഷണങ്ങളാൽ അറിയപ്പെടുന്നത്, അദ്ദേഹത്തെയാണ് ആര്യന്മാർ സദാ ഉപാസിച്ചുവരുന്നത്. ഈ മന്ത്രങ്ങളുടെ അർത്ഥങ്ങൾ ഭൂമികയിൽ പ്രതിപാദിച്ചിട്ടില്ലാത്തത് അവ ഇനി വേദഭാഷ്യത്തിൽ നൽകുന്നതാണ്. ഏതാനും ചില ആര്യന്മാരെ കൂടാതെ യൂറോപ്പ് തുടങ്ങിയ ദേശങ്ങളിൽ വസിക്കുന്നവർ (മോക്ഷമൂലർ തുടങ്ങിയവർ), (വൈ. യ. അച്ചടിച്ചതിൽ 'അംഗരേജ്' എന്ന പദമാണ്. അത് അപപാഠമാണ്. മോക്ഷമൂലർ ജർമ്മൻകാരനായിരുന്നു. ശർമണ്യ ദേശോൽപന്ന എന്ന് സ്പഷ്ടമായി തുടർന്ന് പറയുന്നുണ്ട്) പറയുന്നത് പ്രാചീനാര്യൻമാർ അനേകം ദേവതകളേയും ഭൂതങ്ങളേയും ആരാധിച്ചിരുന്നുവെന്നാണ്. അത് വ്യർത്ഥമാണ്. എന്തെന്നാൽ പ്രാചീന ഭാഷ്യങ്ങളിൽ അഗ്നി തുടങ്ങിയ നാമങ്ങളിൽ നിന്ന് ഗ്രഹിച്ചിട്ടുള്ളത് ഉപാസ്യനായ ഒരേയൊരു പരമേശ്വരനെയാണ്. അദ്ദേഹത്തെ മാത്രമാണ് ആര്യന്മാർ ഉപാസിച്ചിരു ന്നത്. അതിനാൽ നേരത്തെ പറഞ്ഞ സംശയങ്ങൾക്ക് യാതൊരു അടിസ്ഥാനവുമില്ല.

എന്തുകൊണ്ടെന്നാൽ (ഇത: പൂർവ്വ വൈ. യ. മുദ്രിതസംസ്കരണേഷു 'ഭാഷ്യമ്' പദേ ദൃശ്യതേ । തച്ചിന്ത്യമ് മന്ത്രാദീനാം വ്യാഖ്യാനാഭാവാത് । ഏവമഗ്രേഽപി ക്വചിദ് 'ഭാഷ്യമ്' ഇത്യേവമസ്ഥാനേ നിർദ്ദിശ്യതേ ।) (ഹിരണ്യഗർഭ: സമവർത്തതാഗ്രേ ഭൂതസ്യ ജാത: പതി... (ഋഗ്വേദം 10.121.1) ഏതൻമന്ത്ര വ്യാഖ്യാനാവസരേഽയം മന്ത്രോഽർവ്വാചീനോ ഽസ്തി ഛന്ദ ഇതി ശാര്മണ്യ ദേശോത്പ്പന്നൈർ ഭട്ട മോക്ഷമൂലര: സ്വകീയ സംസ്കൃത സാഹിത്യാഖ്യേ ഗ്രന്ഥ ഏതദ്വിഷയേ യദുക്തം, തന്ന സംഗച്ഛതേ । യച്ച വേദാനാം ദ്വൗ ഭാഗാവേകശ്ഛന്ദോ ദ്വിതീയോ മന്ത്രസ്യ തത്ര സാമാന്യർത്ഥാഭിധാനം പരബുദ്ധി പ്രേരണാജന്യ ('പ്രേരണാ അജന്യമ്' ഇതി സന്ധിഛേദോ ജ്ഞേയ: ।) സ്വകല്പനയാ രചനാഭാവം (ഛന്ദ: പദസ്യ സ്വാതന്ത്ര്യവാചകത്വാത് തത്ര കല്പനാ പൂർവ്വികാ രചനാ ന വിദ്യതേ । മന്ത്രാസ്തു മനനാത് ജ്ഞാനപൂർവ്വകം വിനിർമ്മിതാ: അതസ്തത്ര പുരുഷസ്യ കല്പനയാ രചനാ ഭവതി ।) യഥാ ഹ്യജ്ഞാനിനോ മുഖാദ് ആ കസ്മാന്നിസ്സരേദ് ഈദൃശം യദ്ര രചനം തഛന്ദ (ഏതദ്വിപരീതം യാ സ്വകല്പനയാ മനനപൂർവ്വികാ രചനാ സ മന്ത്രപദ വാച്യേതി ജ്ഞേയാ ।) ഇതി വിജ്ഞേയമ് । തസ്യോൽപത്തിസമയ ഏക ത്രിംശച്ഛതാനി വർഷാണ്യധികാദധികാനി വ്യതീതാനി । തദ്ധൈ്യകോനത്രിംശപ്ഛതാനി വർഷാണി മന്ത്രോത്പത്തൗ ചേത്യനുമാനം തേഷാമസ്തി । തത്ര നൈരുക്താനി പ്രമാണാനി 'അഗ്നിഃ പൂർവ്വേഭിർഋഷിഭിരീഡ്യോ നൂതനൈരുത' (ഋഗ്വേദം 1.1.2) ഇത്യാദീനി ജ്ഞാതവ്യാനി ।

**(തുടരും)**

**വിപ്രാ അമൃതാ ഋതജ്ഞാഃ (യജുർവേദം 9.18)**
**വിപ്രൻ സത്യവ്രതനും അമരനുമാകുന്നു**



(മുൻലക്കത്തിന്റെ തുടർച്ച)

# മനുസ്മൃതി

ഡോ. സുരേന്ദ്രകുമാർ
തർജ്ജമ: കെ. എം. രാജൻ മീമാംസക്

| | |
|---|---|
| **അധ്യായം: 1** | **മനുസ്മൃതിയുടെ മഹത്വം, രചയിതാവ്, കാലവും ആദ്യരൂപവും (തുടർച്ച)** |

## അധ്യായം 2: മനുസ്മൃതിയും പ്രക്ഷിപ്തവും

ഭഗവന് സർവ്വവർണ്ണനാം യഥാവദനുപൂർവശ: ।
അന്തരപ്രഭവാണാം ച ധര്മാന്നോ വക്തുമർഹസി ।
ത്വമേകോ ഹ്യസ്യ സർവസ്യ വിധാനസ്യ സ്വയംഭുവ ॥
അചിന്ത്യസ്യാപ്രമേയസ്യ കാര്യതത്ത്വാര്ഥവിത് പ്രഭോ ॥ (1,2,3)

അർത്ഥം: അല്ലയോ ഭഗവൻ! അങ്ങ് എല്ലാ വർണ്ണങ്ങളുടെയും ആശ്രമധർമ്മങ്ങളുടെയും ധർമ്മത്തെ ശരിയായി പറഞ്ഞുതരാൻ സമർത്ഥനാണ് (യോഗ്യനാണ്). എന്തെന്നാൽ ഈശ്വര രചിതവും, അചിന്ത്യവും അപരിമേയവുമായ ജ്ഞാനയുക്ത വേദ രൂപീവിധാനങ്ങളുടെ ധർമ്മതത്ത്വവും (വ്യാവഹാരിക തത്ത്വം) അർത്ഥവും അറിയാവുന്ന പണ്ഡിതൻ അങ്ങ് മാത്രമാണ്. (അതിനാൽ അങ്ങ് ഞങ്ങൾക്ക് ഈ ധർമ്മങ്ങൾ ഉപദേശിച്ചു തന്നാലും.)

ഇതിൽ നിന്നും വ്യക്തമാവുന്നത് മഹർഷി മനു തന്റെ കാലത്തെ പ്രഖ്യാതനും ഈ വിഷയത്തിൽ ഏറ്റവുമധികം ആധികാരിക ജ്ഞാനമുള്ള വ്യക്തിയുമായിരുന്നുവെന്നാണ്. അത്തരത്തിലുള്ള ഒരു പണ്ഡിതന്റെ രചനയിൽ നേരത്തെ പറഞ്ഞ തെറ്റുകുറ്റങ്ങൾ എങ്ങനെയുണ്ടാവനാണ്? എന്നിരുന്നിട്ടും മേൽപറഞ്ഞ കുറവുകൾ കാണുകയാണെങ്കിൽ അതിന്റെ അർത്ഥം മനുസ്മൃതിയിൽ കൂട്ടിച്ചേർക്കലുകൾ നടന്നിട്ടുണ്ട് എന്നാണ് (ഇതിന്റെ ഉദാഹരണങ്ങൾ ഈ അധ്യായത്തിൽ തുടർന്നുവരുന്ന 'പ്രക്ഷേപങ്ങളുടെ അടിസ്ഥാനവും പ്രമാണവും' എന്ന തലക്കെട്ടിലുള്ള ഭാഗത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്).

(2) മനുസ്മൃതിയിൽ ഒരുവശത്ത് ഗാംഭീര്യമാർന്നതും യുക്തിയുക്തമായതും പ്രമാണ്യമുള്ളതും ദുരാഗ്രഹവും പക്ഷപാതവുമില്ലാത്തതും സമതുലിതവുമായ വാക്യശൈലിയുണ്ട്. എന്നാൽ ചിലയിടങ്ങളിൽ അത്യധികവും യുക്തിരഹിതവും അടിസ്ഥാനരഹിതവും അതിശയോക്തിപരവും ദുരാഗ്രഹ

**ഈശാവാസ്യമിദം സർവ്വം (യജു. 40.1)**
**ഈ ജഗത്ത് മുഴുവൻ ഈശ്വരമയമാണ്.**

വും പക്ഷപാതപരവും സമതുലിതമല്ലാത്തതുമായ ശൈലിയിലുള്ള വാക്യങ്ങളുമുണ്ട്. ഇത്തരത്തിൽ വൈവിധ്യവും വൈരുധ്യവുമുള്ള രചനാശൈലി ഒരാൾക്ക് ഉണ്ടാവാൻ ഇടയില്ല. വേറൊരു ശൈലിയിലുള്ള വ്യത്യസ്തരചന മനുവല്ലാതെ വേറെ ആരോ ഉണ്ടാക്കിയ പ്രക്ഷിപ്തമാണെന്ന് വ്യക്തമാണ്.

(3) മനുസ്മൃതിയിൽ മനുവല്ലാത്ത പരവർത്തി വ്യക്തികളുടെ ജാതിയും സ്ഥാനവും വർണ്ണിച്ചിട്ടുണ്ട്. അതേപോലെ ചിലയിടങ്ങളിൽ മനുവിന്റെ സിദ്ധാന്തങ്ങൾക്ക് വിരുദ്ധമായ ഭിന്നവ്യവസ്ഥകളുടെ വിവരണമുണ്ട്. ഏതാനും ശ്ലോകങ്ങളിൽ 'മനുരബ്രവീത്', 'മനോരനുശാസനമ്' തുടങ്ങിയ പദങ്ങളുടെ പ്രയോഗം കാണുന്നുണ്ട്. മറ്റാരോ രചിച്ചതാണ് ഈ ശ്ലോകങ്ങൾ എന്ന സൂചന വ്യക്തമാക്കുന്നവയാണിവ. ഇപ്രകാരമുള്ള എല്ലാ ശ്ലോകങ്ങളും പരവർത്തിയാകയാൽ പ്രക്ഷിപ്തങ്ങളാണ്.

(4) മനുസ്മൃതിയുടെ ലഭ്യമായ പതിപ്പുകളിലും മനുസ്മൃതിയിൽ പ്രക്ഷിപ്തമുണ്ടെന്നതിന് പ്രത്യക്ഷപ്രമാണങ്ങളുണ്ട്. പ്രാചീന പതിപ്പുകളിലില്ലാത്ത നിരവധി ശ്ലോകങ്ങൾ നവീനമായ പതിപ്പുകളിലുണ്ട്. ഉത്തരകാലീന പതിപ്പുകളിൽ ശ്ലോകങ്ങളുടെ എണ്ണം കൂടുതൽ കാണുന്നത് ശ്രദ്ധാർഹമാണ്. ലഭ്യമായ കയ്യെഴുത്ത് പ്രതികളുടെ സ്ഥിതി ഇതാണെങ്കിൽ ഇത്രയധികം കാലം പിന്നിട്ട പതിപ്പുകളിൽ പ്രക്ഷിപ്തങ്ങളുടെ നില ഇങ്ങനെയായതെങ്ങനെ എന്നതിന് ഉദാഹരണമായി ഏതാനും ശ്ലോകങ്ങൾ ഉദ്ധരിക്കാം.

(ക) താഴെ കൊടുക്കുന്ന ശ്ലോകം രണ്ടാം അധ്യായത്തിലെ 18ാം ശ്ലോകത്തിന് കേവലം മേധാതിഥിയുടെ ഭാഷ്യത്തിലുള്ളതാണ്.

വിരുദ്ധാ ച വിഗീതാ ച ദൃഷ്ടാർഥീദിഷ്ടകാരിണി ।<br>
സ്മൃതിർന്ന ശ്രുതിമൂലാ സ്യാദ്യാ ചൈഷാऽസംഭവ ശ്രുതി: ॥

അർത്ഥം: നിർദ്ദിഷ്ട കാരണത്താൽ പ്രത്യക്ഷത്തിന് വിരുദ്ധവും അസംഗതവും അസംഭവവുമായ അർത്ഥം പ്രതിപാദിക്കുന്ന സ്മൃതി, വേദവിരുദ്ധ സ്മൃതിയെന്ന് പറയപ്പെടുന്നു.

**(തുടരും)**

## ആര്യ സമാജ നിയമങ്ങൾ

എല്ലാ മനുഷ്യരും സമാജത്തിന്റെ സർവ്വഹിതകാരിയായ നിയമങ്ങൾ പാലിക്കുന്നതിൽ പരതന്ത്രരും വ്യക്തി നിയമങ്ങൾ പാലിക്കുന്നതിൽ സ്വതന്ത്രരുമാണ്

**സർവ്വ തദ് ഹനി ജനിമ ക്രമീണാമ് (അഥർവ്വം 2.31.5)**<br>
**ഞാൻ കൃമികളെ ജന്മസ്ഥാനത്തു തന്നെ നശിപ്പിക്കും.**



*(മുൻലക്കത്തിന്റെ തുടർച്ച)*

# സന്ധ്യോപാസന എന്തുകൊണ്ട്? എങ്ങനെ?

പണ്ഡിറ്റ് ഗംഗാപ്രസാദ് ഉപാധ്യായ
തർജ്ജമ : കെ. എം. രാജൻ മീമാംസക്


## അധ്യായം 7
## അഘമർഷണം (1)

**ശ**രീരത്തിനുശേഷം ഈശ്വരന്റെ മഹത്വം ബ്രഹ്മാണ്ഡത്തിൽ കാണാനാഗ്രഹിക്കുന്നു. നമ്മുടെ ശരീരം വളരെ ചെറിയ ഒരു വസ്തുവാണ്. അതിന്റെ ബന്ധം നമ്മുടെ വ്യക്തിത്വവുമായി മാത്രം ബന്ധപ്പെട്ടിരിക്കുന്നു. ഈശ്വരന്റെ സൃഷ്ടി ഇത്ര ചെറുതല്ല. ഉറുമ്പിന്റെ ശരീരം എത്ര ചെറുതാണ്. ഉറുമ്പിനെ സംബന്ധിച്ചിടത്തോളം അതാണ് ലോകം. എന്നാൽ യഥാർത്ഥ സൃഷ്ടി അഥവാ ഈശ്വരന്റെ രചന വളരെ വിശാലമാണ്. നാം ഈശ്വരനെ ധ്യാനിക്കുമ്പോൾ ശരീരത്തിന്റെ ഇടുങ്ങിയ വൃത്തത്തിൽ നിന്ന് പുറത്ത് കടന്ന് വിസ്തൃതമായ ലോകത്തേക്ക് വരേണ്ടി വരും. ബ്രഹ്മാണ്ഡത്തിന്റെ വിശാലതയുടെ ഒരു സംക്ഷിപ്ത ഭൂപടം ഋഗ്വേദം പത്താം മണ്ഡലം 190ാം സൂക്തത്തിലെ മൂന്ന് മന്ത്രങ്ങളിൽ നൽകിയിരിക്കുന്നു. അതിനെ സാധാരണക്കാർ 'അഘമർഷണ മന്ത്ര' മെന്ന പേരിൽ വിളിക്കുന്നു. അതിന്റെ തുടക്കം 'ഋതം ച സത്യം ച' എന്നതാണ്.

ഇവിടെ ഒരു തെറ്റ് തിരുത്തേണ്ടതുണ്ട്. 'അഘമർഷണ' മെന്നതിന്റെ ധാത്വർത്ഥം പാപങ്ങളിൽ നിന്ന് രക്ഷിക്കുന്നത് എന്നാണ് അല്ലെങ്കിൽ പാപങ്ങളെ കഴുകിക്കളയുന്നത് എന്നും പറയാം. എന്തുകൊണ്ടാണ് ഈ സൂക്തത്തിന് മുഴുവൻ 'അഘമർഷണ' മെന്ന പേര് വന്നത്? ഇതിനായി പല സൂക്തങ്ങൾക്കും നൽകിയിട്ടുള്ള നിരവധി പേരുകൾ പരിശോധിക്കേണ്ടതുണ്ട്. ഈ പേരുകൾ വേദങ്ങളുടെ ഭാഗമല്ല. നാമം ഗൗണമാണ്. കേവലം അവ തിരിച്ചറിയുന്നതിനുള്ള സൂചന മാത്രമാണ്. ഋഷിമാരോ മറ്റേതെങ്കിലും പണ്ഡിതരോ നൽകിയതാണത്. ചിലപ്പോൾ പല സൂക്തങ്ങൾക്കും അവയുടെ പ്രതീകങ്ങൾ (അതായത് ആദ്യ ശബ്ദം) കാരണം പേരുവന്നതാണ്.' ഹിരണ്യ ഗർഭ സൂക്തത്തിന് ആ പേരുവന്നത് ഈ സൂക്തത്തിന്റെ ആദ്യ ശബ്ദം 'ഹിരണ്യ ഗർഭ' എന്നായതിനാലാണ്. നാസദീയസൂക്തത്തിന് ആ പേര് വന്നത് അതിന്റെ ആദ്യശബ്ദം 'നാസത്' എന്നായതിനാലാണ്. മറ്റു ഭാഷകളിലും പുസ്തകങ്ങൾക്ക് പേരിടുന്നത് സമാനമായ ഒരു രീതിയിലാണ് 'സാദി' യിലെ 'പന്ദനാമാ' എന്നതിന് 'കരീമ' എന്ന പേര് ലഭിച്ചത് ആ പുസ്തകത്തിലെ ആദ്യപദമായതിനാലാണ്. ചിലപ്പോൾ സൂക്തങ്ങൾക്ക് അവയുടെ ഋഷിമാരുടെ പേരുകൾ ലഭിക്കും. ഏതൊരു ഋഷിയാണോ ആ സൂക്തത്തെ വ്യാഖ്യാനിച്ചത് ആ സൂക്തത്തെ ആ ഋഷിയുടെ പേരിൽ വിളിക്കുന്നത് ഉചിതമായി കണ്ടു.

**(തുടരും)**

**മാ സ്രോധത (ഋഗ്വേദം 6.32.9)**
**ഹിംസ ചെയ്യാതിരിക്കൂ.**



*(മുൻലക്കത്തിന്റെ തുടർച്ച)*

# ഭാരത ചരിത്ര ഗവേഷണത്തിലെ ഏതാനും പരമാബദ്ധങ്ങൾ

പ്രൊ.പി.എൻ.ഓക്
തർജ്ജമ : കെ. എം. രാജൻ മീമാംസക്

## കുത്തബ്മിനാർ എന്നറിയപ്പെടുന്ന കെട്ടിടം (തുടർച്ച...)

### തുഗ്ളക്കാബാദ്

ദൽഹിയിൽ ശക്തമായ മതിലുകളാൽ ചുറ്റപ്പെട്ട ഒരു നഗരമാണ് 'തുഗ്ളക്കാബാദ്'. നശിപ്പിക്കപ്പെട്ട കെട്ടിടങ്ങളും ഗോപുരങ്ങളും ഭൂഗർഭ പഥങ്ങളും ഇവിടെ ധാരാളം കാണാം. തുഗ്ളക്കുകാർ പിടിച്ചെടുക്കപ്പെട്ട ഈ നഗരത്തെ തങ്ങളുടെ തലസ്ഥാനമാക്കി മാറ്റി. ഇവരുടെ പേരിലറിയപ്പെടുന്നു എന്ന കാരണത്താൽ മാത്രം സന്ദർശകരും അവരെ തെറ്റിദ്ധരിപ്പിക്കാനുതകുന്ന തരത്തിലുള്ള പുരാവസ്തുവകുപ്പിന്റെ മറ്റു രേഖകളും ഈ നഗരം തുഗ്ളക്കുകളാൽ നിർമ്മിതമാണെന്നുവരുത്തിതീർക്കുന്നു. സമ്പൽസമൃദ്ധമായ നഗരത്തെ ആക്രമിക്കാൻ വരുന്നവർ എല്ലാം തച്ചുടച്ചതിനുശേഷം അതിലും മനോഹരമായ കെട്ടിടങ്ങൾ ഒരിക്കലും നിർമ്മിക്കാൻ വഴിയില്ല. റോഡിനുകുറുകെയുള്ള നാലുവശവും സുരക്ഷിതമായ ഭാഗത്ത് ആണ് ഘിയാസുദ്ദീൻ ടോംമ്പ് (Ghiyasuddin Tomb). പിരമിഡാകൃതിലുള്ള ഒരു കെട്ടിടമാണിത്. മുകൾഭാഗത്തുള്ള അലങ്കരിച്ച തൂണുകളിൽ നിന്നും ഇത് പിടിച്ചെടുക്കപ്പെട്ട ഒരു മന്ദിരമാണെന്നും ശവക്കല്ലറക്കുവേണ്ടി നിർമ്മിച്ചതല്ല എന്നും മനസ്സിലാക്കാം. ഇത് ഒരു കാലത്ത് തുഗ്ളക്കാബാദിന്റെ ഒരു ഭാഗമായിരുന്നുവെന്നും ഇപ്പോൾ ഇതൊരു ഉപേക്ഷിക്കപ്പെട്ട കെട്ടിടമാണെന്നും മനസ്സിലാക്കാം. ഈ കല്ലറക്കുചുറ്റും ശക്തമായ മതിലുകളും ഉള്ളിലായി ധാരാളം മണ്ഡപങ്ങളും നിലവറകളും ഉള്ളതിൽ നിന്നും 'ടോംമ്പ്' എന്ന് പിന്നീട് ആക്കി തീർത്തതാണെന്ന് ഊഹിക്കാവുന്നതാണ്. ഇതിനടുത്തുള്ള 'ആദിലാബാദ്' എന്നും 'നായ്ക്കാ കോട്ട്' എന്നും പേരിലുള്ള കോട്ടകൾ പിടിച്ചെടുക്കപ്പെട്ട പുരാതന ഹൈന്ദവ കോട്ടകൾ ആണ്.

### ഫിറോസ്ഷാ കോട്‌ലാ

ഡൽഹി ഗേറ്റിനുമുന്നിലായ സ്പോർട്സ് സ്റ്റേഡിയത്തിനടുത്തായുള്ള നഗരപ്രദേശത്തെ ഫിറോസ് ഷാ കോട്‌ലാ എന്നാണ് പറയുന്നത്. ഈ പേരിൽ നിന്നും ഫിറോസ് തുഗ്ളക്കാൽ നിർമ്മിക്കപ്പെട്ടതാണ് ഈ നഗരമെന്നുതെറ്റിദ്ധരിക്കപ്പെടുന്നു. ഇതിന്റെ മുകളിലായി ഒരു അശോക

**യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)**
**ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ.**

സ്തംഭം കാണാം. മത അസഹിഷ്ണുതയ്ക്ക് പ്രസിദ്ധനായിരുന്നു ഫിറോസ് ഷാ എന്ന് ചരിത്രം രേഖപ്പെടുത്തുന്നുണ്ട്. ഹൈന്ദവമായ ഒന്നും അയാൾക്ക് ഇഷ്ടപ്പെട്ടിരുന്നില്ല. വിഗ്രഹാരാധകരാണ് എന്ന ഒറ്റ അപരാധം നിമിത്തം ജീവനോടെ ജനങ്ങളെ കത്തിച്ചിരുന്നതായി ചരിത്രരേഖകളിൽ കാണാനുണ്ട്. അത്തരത്തിലുള്ള ഒരു ഭരണാധികാരി ഹൈന്ദവ തത്വങ്ങൾ ആലേഖനം ചെയ്ത അശോകസ്തംഭം തന്റെ കൊട്ടാരത്തിന് മുകളിൽ സ്ഥാപിക്കുമെന്ന് കരുതുന്നത് യുക്തിക്കുനിരക്കുന്നതല്ല. ഫിറോസ്ഷാക്ക് അതിനുതാഴെ സുഖമായി ഉറങ്ങാൻ കഴിയുമെന്നുതോന്നുന്നില്ല. തകർക്കപ്പെട്ട അശോകസ്തംഭത്തിൽ നിന്നും ഈ സ്തംഭം തട്ടി മാറ്റുന്നതിൽ ഫിറോസ് ഷാക്കുള്ള അതിയായ താത്പര്യം മനസിലാക്കാം.

ഫിറോസ് ഷായുടെ കാലത്തേക്കുറിച്ചു 'ഷംസി ഷിരാജ് അഫിഫ്' എന്ന ഒരു കൊട്ടാരശിങ്കിടിയുടെ ഓർമ്മകുറിപ്പുകളിൽ ഈ അശോകസ്തംഭം എങ്ങനെയാണ് ഫിറോസ് ഷാ കടപ്പുഴക്കി വിദൂരമായ ഡൽഹിയിലേക്ക് നൂറുകണക്കിന് വണ്ടികളുടേയും തൊഴിലാളികളുടെയും സഹായത്തോടെ കൊണ്ടുപോയി സ്ഥാപിച്ചതെന്നുമൊക്കെ വിവരിച്ചിട്ടുണ്ട്.

അനിസ്ലാമികമായ ഒരു സ്തംഭം എന്തിനാണ് ഫിറോസ്ഷാ തന്റെ വാസസ്ഥലത്ത് കൊണ്ടുപോയി സ്ഥാപിച്ചത് എന്നത് ദുരൂഹമാണ്. അശോക ചക്രവർത്തിയോ അദ്ദേഹത്തിന്റെ ഒരനുയായിയോ മറ്റോ നിർമ്മിച്ചതാവണം ഈ സ്തംഭം എന്ന് ന്യായമായും സംശയിക്കാവുന്നതാണ്.

**രജപുത്ര മഹിമകൾ തട്ടിയെടുത്തു**

രജപുത്ര രേഖകളും മറ്റും തട്ടിയെടുത്ത് സ്വന്തമായുണ്ടാക്കിയതാണെന്ന മുസ്ലീം ഭരണാധികാരികളുടെ അവകാശവാദത്തിലാണ് എന്റെ കണ്ടുപിടുത്തങ്ങൾ ചെന്നുചേരുന്നത്. ഒരു പക്ഷെ ഫിറോസ്ഷായുടെ കാലത്ത്, ഏതെങ്കിലും മുൻ രജപുത്ര ഭരണാധികാരിയാൽ നിർമ്മിക്കപ്പെട്ടതാണ് ഈ കൊട്ടാരം എന്നും മറ്റുമുള്ള വല്ല വിവരങ്ങളും ഈ കൊട്ടാരത്തോടൊപ്പം ഫിറോസ് ഷായ്ക്ക് കിട്ടിയിരുന്നുവെന്നുകരുതാം. പക്ഷേ ആ വിവരങ്ങൾ സ്വന്തം പേരിൽ ആക്കാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ടാകും. ഇതുപോലെ ജഹാംഗീർ ന്യായമണി എന്ന മിഥ്യയെ തന്റെ ഭരണത്തെ മഹദ്വത്കരിച്ചു കാട്ടാൻ ശ്രമിച്ചിരുന്നുവെന്ന് അനംഗപാലന്റെ കാലത്തേ ചില വിവരങ്ങളുടെ അടിസ്ഥാനത്തിൽ സർ H. M. ഇലിയറ്റ് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സിദ്ധാന്തം ഇസ്ലാമിക ചരിത്രം പഠിക്കുമ്പോൾ ഓർക്കേണ്ടതാണ്. ഇസ്ലാമിക ഭരണാധികാരികൾ തങ്ങളുടെ ക്രൂരവും പൊതുജന വിരുദ്ധവുമായ നടപടികളെ ന്യായീകരിക്കുവാൻ മുൻ രജപുത്ര രാജാക്കന്മാരുടെ മഹത്തായ സിദ്ധികളെ തട്ടിയെടുത്ത് സ്വന്തമാണെന്ന് വാദിച്ചിരുന്നുവെന്നാണ് ഈ സിദ്ധാന്തം.

**(തുടരും)**

**സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)**
**ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !**



*(മുൻലക്കത്തിന്റെ തുടർച്ച)*

# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അദ്ധ്യായം: 10

'**ചേ**ട്ടൻ പേടിക്കേണ്ട. 5 രൂപയേ വേണ്ടൂ ഇവിടെനിന്ന് സിംലക്ക് ഒരാൾക്ക്. രണ്ടുപേർക്കും കൂടി 10 രൂപ, പേടിയ്ക്കേണ്ട, ഞാനില്ലേ, കൂടെ?' ജ്ഞാനചന്ദ്രാശ്വസിപ്പിച്ചു.

ജ്ഞാന ചന്ദും, പാച്ചനും പോയി കാര്യങ്ങൾ ആനന്ദ ശർമ്മാജിയോടുപറഞ്ഞു. അവരെ അദ്ദേഹം ആശിർവദിച്ച് യാത്രയാക്കി. ഇരുവരും ഉത്സാഹത്തോടുകൂടി കമ്പിളിയും, വസ്ത്രങ്ങളുമെടുത്ത് പിറ്റേന്ന് രാവിലെ സ്റ്റേഷനിൽ പോയി. തണുപ്പുകാലത്ത് മഞ്ഞുവീഴ്ച്ച കാരണം കാലിക വരേയേ പോകുകയുള്ളൂ വണ്ടി. എന്നാൽ, മാർച്ച് മാസമായതുകൊണ്ടിപ്പോൾ തടസ്സമൊന്നുമില്ല. അവർ സിംല ടെർമിനസ്സിലേക്ക് ടിക്കറ്റെടുത്ത് ഫ്ളാറ്റ് ഫോമിൽ കടന്നു വണ്ടി കാത്തുനിന്നു. 9.20 നാണ് വണ്ടി. സ്റ്റാർട്ടിങ് പോയിന്റ് ആയതുകൊണ്ട് ഇരിക്കാൻ സ്ഥലം കിട്ടി.

രണ്ടു സ്റ്റേഷൻ പിന്നിട്ടപ്പോഴേക്കും വണ്ടിയിൽ തിരക്ക് കൂടി. സന്ദർശകരാണധികവും. യൂറോപ്യൻമാരും, ഏഷ്യക്കാരുമെല്ലാമുണ്ട് വണ്ടിയിൽ. ഭാഷയും മറ്റും വിഭിന്നമാണെങ്കിലും എല്ലാവരും നദികളും, സമുദ്രങ്ങളും ലക്ഷ്യമാക്കി, ഉല്ലാസത്തോടെ അലതല്ലി ചിരിച്ച് കുതിക്കുന്നതുപോലെ ഒരേ ലക്ഷ്യത്തിലേക്കാണൊഴുകുന്നത്.

വൈകുന്നേരം ഇരുട്ടിനുമുൻപ് വണ്ടി സിംലയിലെത്തി. സ്റ്റേഷനിൽ നിന്ന് വേഗം ജ്ഞാനചന്ദിന്റെ വീട്ടിലേക്ക് സമാനങ്ങളെല്ലാം മുതുകിൽ കെട്ടിയേറ്റി നടന്നു. 15 ഓളം നാഴിക മലഞ്ചേരുവിലൂടെ, രാത്രിയിൽ കരടിയുടെ ശല്യം ഒഴിവാക്കാൻ വേണ്ടി, ഇരുട്ടിനുമുൻപ് കാടുള്ള സ്ഥലം കേറി മറിഞ്ഞു. കേരളം, കർണ്ണാടകം, ബീഹാർ എന്നിവിടങ്ങളിലെ കാടുകളിൽ ആനത്താവളങ്ങളുള്ളതുപോലെ, ഹിമാചൽ പ്രദേശ് കരടിത്താവളമാണ്. അവിടന്നങ്ങോട്ട് വലിയ ശല്യമുണ്ടാകാറില്ല. അതുകൊണ്ട് ടോർച്ചിന്റെയും നിലാവിന്റെയും സഹായത്തോടെ ഏകദേശമൊരു 8 മണിയോടെ ജ്ഞാനചന്ദിന്റെ ഗൃഹാങ്കണത്തിലെത്തി. ജ്ഞാനചന്ദ് അകത്തേക്കു വിളിച്ച് വരവിന്റെ വിവരം അറിയിച്ചു. വീട്ടുകാർ ജ്ഞാനചന്ദിനേയും, പാച്ചനേയും വരവേൽക്കാൻ വിളക്കുമായി വാതിൽ തുറന്നുപുറത്തേക്ക് വന്നു. ജ്ഞാന ചന്ദ് അവിവാഹിതനാണ്. അച്ഛനും, അമ്മയും, ഒരു സഹോദരിയും, സഹോദരനുമുണ്ട് ജ്ഞാനചന്ദിന്. അവർ സനാതനാർഷ സംസ്കാരമനുസരിച്ച് ആഗതരെ അർഘ്യപാദ്യാദിസൂചകമായി, കാൽ കഴുകിച്ച്, കുങ്കുമം തൊടുവിച്ച് പൂജിച്ച് മധുരം (ശർക്കര) വായിൽ കൊടുത്ത്, അകത്തേക്കാനയിച്ചിരുത്തി, ഒരു കയറ്റുകട്ടിലിൽ. പുറത്തേക്കുള്ള പ്രധാന കവാടം ഗുഹാമുഖം പോലെ ചെറുതാണ്. കുനിഞ്ഞു വിനയാന്വിതനായേ പ്രവേശിക്കാൻ പറ്റു. ഇരിക്കാൻ ആധുനിക രീതിയിലുള്ള കസേരകളോ, സോഫകളോ ഒന്നുമില്ല, വെറും നാടൻ മട്ട് ചൂടി കൊണ്ടുമടഞ്ഞ സ്പ്രിംഗ് ആക്ഷനാർന്ന കട്ടിലാണ്. അതിന്മേൽ പതമാർന്ന കമ്പിളി വിരിച്ചിട്ടുണ്ട്.

**(തുടരും)**

**യാന്തി പ്രമാദമതന്ദ്രാഃ (സാമം 721)**
**ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു.**



ദർശന പരിചയം

# ന്യായ ദർശനം വാത്സ്യായന ഭാഷ്യം

ആചാര്യ ദുണ്ഡിരാജ് ശാസ്ത്രി

തർജ്ജമ : ശ്രീകുമാർ. എൻ

## വാദം, ജല്പം, വിതണ്ഡം

**ഇ**നി സിദ്ധാന്ത അവിരുദ്ധ എന്ന ലക്ഷണം വിശദീകരിക്കുന്നു. അടുത്ത സൂത്രത്തിൽ ജല്പം എന്നതിന്റെ ലക്ഷണം പറയുന്നുണ്ട്. 'യഥോക്തോപപന്നച്ഛലജാതിനിഗ്രഹസ്ഥാന സാധനോപാലംഭോ ജല്പ: (112).' അതായത് വാദത്തിൽ ഛലം, ജാതി, നിഗ്രഹ സ്ഥാനം ഇവയുടെ പ്രയോഗത്തിലൂടെ സ്വപക്ഷ സ്ഥാപനവും പരപക്ഷ ഖണ്ഡനവും നടത്തുകയാണെങ്കിൽ അത് ജല്പം ആയി മാറുന്നു.

ഭാഷ്യകാരൻ പറയുന്നു "ജല്പേ നിഗ്രഹസ്ഥാനവിനിയോഗത് വാദേതത് പ്രതിഷേധ:" ജല്പത്തിൽ നിഗ്രഹസ്ഥാനത്തിന്റെ വിനിയോഗം ഉള്ളതുകൊണ്ട് വാദത്തിൽ അതിന്റെ നിഷേധം ഉണ്ട്, പ്രയോഗിക്കാൻ ആവില്ല. നിഗ്രഹ സ്ഥാനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പരാജയസ്ഥാനം എന്നാണ്. ജല്പത്തിൽ ഒരാൾക്ക് മറ്റൊരാളോട് നിങ്ങൾ പരാജയപ്പെട്ടിരിക്കുന്നു എന്ന് പറയാം. ജല്പം നടത്തുന്നത് തോല്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ആയത് കൊണ്ട് ഇതോടുകൂടി ചർച്ച അവിടെ അവസാനിക്കുന്നു.

എന്നാൽ വാദത്തിൽ തോല്പിക്കൽ ഇല്ല. ഒരാൾക്ക് മറ്റൊരാളോട് നിങ്ങൾ പരാജയപ്പെട്ടിരിക്കുന്നു എന്ന് പറയാനാവില്ല. അതുകൊണ്ടാണ് നിഗ്രഹസ്ഥാനത്തിന്റെ പ്രയോഗം വാദത്തിൽ നടത്താനാവില്ല എന്നുപറയുന്നത്. വാദത്തിൽ ഓരോ പക്ഷവും സത്യം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ ചോദ്യങ്ങൾ ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു. ഒടുവിൽ ഉത്തരം ഇല്ലാതാവുമ്പോൾ ഒരു പക്ഷം സ്വയം തന്റെ പക്ഷത്ത് ഉത്തരമില്ല എന്ന് പറയുന്ന അവസ്ഥ ഉണ്ടാവുന്നു. അയാൾ സ്വയം അംഗീകരിക്കുന്നു തന്റെ സിദ്ധാന്തം ശരിയല്ല എന്ന്.

ഇത് പരാജയപ്പെടുത്തലല്ല. സിദ്ധാന്തം സ്ഥാപിക്കാൻ പരപക്ഷത്തിന് വീണ്ടും വീണ്ടും അവസരങ്ങൾ നൽകുന്നുണ്ട്, വാദത്തിൽ. എങ്ങനെയെങ്കിലും തോൽപ്പിച്ച് ചർച്ച അവസാനിപ്പിക്കാൻ ശ്രമിക്കുന്നില്ല.

അടുത്തതായി 'പഞ്ചാവയോപപന്ന:' എന്ന ലക്ഷണം വിശദീകരിക്കുന്നു. സ്വപക്ഷ സ്ഥാപനത്തിലും പരപക്ഷ ഖണ്ഡനത്തിലും അഞ്ച് അവയവ വാക്യങ്ങളും ഉപയോഗിക്കണം എന്നാണു സാമാന്യ നിയമം. ഏതെങ്കിലും ഒരു അവയവ വാക്യം കുറയുകയാണെങ്കിൽ അത് 'ന്യൂനം' എന്ന നിഗ്രഹ സ്ഥാനം ആകുന്നു. അതായത് തന്റെ വാദം പൂർണ്ണരൂപത്തിൽ

**ബൃഹദ് വദേമ വിദഥേ സുവീരാഃ (യജുർവേദം 34.58)**
**ഞങ്ങൾ ശാസ്ത്രാർത്ഥങ്ങളെ നന്നായി വദിക്കും.**

സ്ഥാപിക്കുന്നില്ല എന്നർത്ഥം. അതുകൊണ്ട് അഞ്ച് അവയവവും വേണം. എന്നാൽ അധികവും പാടില്ല. അധിക ഹേതു നൽകിയാലും അത് പരാജയ ഹേതുവാണ്. ഒരു ഹേതു ശരിയാണെങ്കിൽ മറ്റൊരു ഹേതുവിന്റെ ആവശ്യം ഇല്ല. ഒരാൾ അധിക ഹേതു നൽകുന്നത് നേരത്തെ നൽകിയ ഹേതുവിൽ പൂർണ്ണ വിശ്വാസം ഇല്ലാത്തതുകൊണ്ടാണ്. ഇത് 'അധികം' എന്ന ഹേത്വാഭാസം ആകുന്നു. ന്യൂനത എന്നത് അസമർത്ഥതയെ കാണിക്കുന്നു. അധികം എന്നത് അദൃഢതയെ കാണിക്കുന്നു. ഇവ രണ്ടും ഹേത്വാഭാസങ്ങളും നിഗ്രഹസ്ഥാനങ്ങളും കൂടിയാണ്

എന്നാൽ ഇവയും വാദത്തിൽ പരാജയ കാരണമായി കണക്കാക്കപ്പെടുന്നില്ല. നേരത്തെ പറഞ്ഞതുപോലെ വാദത്തിൽ സത്യത്തെ അറിയുക എന്നതാണ് മുഖ്യം. അവയവങ്ങളുടെ എണ്ണം കുറയുന്നതോ കൂടുന്നതോ എതിർകക്ഷി ചൂണ്ടിക്കാണിക്കുമെങ്കിലും സത്യം കണ്ടെത്തുന്നതിന് ന്യൂനതയോ അധികമോ തടസ്സമാകുന്നില്ലയെങ്കിൽ അത് സ്വീകരിക്കപ്പെടുന്നു. എന്നാൽ ജല്പം വിതണ്ഡം ഇവയിൽ മുകളിൽ പറഞ്ഞ ഹേത്വാഭാസങ്ങൾ പരാജയ കാരണമായിത്തീരുന്നു.

ഇവിടെ ഒരു ചോദ്യം ഉയർന്നുവരുന്നു പ്രതിജ്ഞാദികളായ അഞ്ച് അവയവങ്ങളിൽ പ്രമാണവും തർക്കവും അന്തർഭാവിതമായിരിക്കെ 'പ്രമാണതർക്കസാധനോപാലംബ:' എന്ന് വിശേഷ ലക്ഷണം പറഞ്ഞിരിക്കുന്നത് എന്തുകൊണ്ട്?

ഇതിന് കാരണം സാധനയും (സിദ്ധിക്കൽ) ഉപാലംബവും (ഖണ്ഡനം) ഒന്ന് മറ്റൊന്നിന്റെ വിപരീതമാണ് എന്നതുകൊണ്ടാണ്. കേവലം പഞ്ചാവയവം എന്ന് മാത്രം പറയുന്നത് കൊണ്ട് ഇത് ഗ്രഹിക്കാൻ കഴിയില്ല. പഞ്ചാവയവ പ്രക്രിയയിലൂടെ ഒരേ സമയം സ്വന്തം സിദ്ധാന്തം സ്ഥാപിക്കുകയും എതിർകക്ഷിയുടെ സിദ്ധാന്തം ഖണ്ഡിക്കുകയും വേണം. വാദത്തിൽ പഞ്ചാവയവത്തിന് മഹത്വപൂർണ്ണമായ സ്ഥാനമുണ്ട്. 'പഞ്ചാവയവോപപന്ന:' എന്ന് മാത്രമാണെങ്കിൽ രണ്ടുപേരും തങ്ങളുടെ സിദ്ധാന്തങ്ങളുടെ സ്ഥാപനം മാത്രം നടത്തി എന്ന് വരും. അവിടെ വാദം നടക്കുന്നില്ല. രണ്ടുപേരുടെയും സിദ്ധാന്തം ശരിയെന്ന് വരുന്നു. കേവലം സ്ഥാപനം മാത്രം പോരാ. എതിർപക്ഷത്തെ ഖണ്ഡിക്കുകയും വേണം. അതിനാൽ പ്രമാണം നൽകി സ്വന്തം പക്ഷത്തെ സ്ഥാപിക്കുകയും അതേ പ്രമാണത്താൽ തന്നെ എതിർപക്ഷത്തെ ഖണ്ഡിക്കുകയും വേണം പഞ്ചാവയവമില്ലാതെയും ഒരാൾക്ക് സ്വന്തം സിദ്ധാന്തം സ്ഥാപിക്കാൻ കഴിയും. കേവലം പ്രമാണത്തിലൂടെ അതായത് പ്രത്യക്ഷം, ശബ്ദം ഇവയിലൂടെയും സിദ്ധാന്തസ്ഥാപനം നടത്താൻ കഴിയും. ചുരുക്കത്തിൽ എല്ലാ വാദങ്ങളിലും പഞ്ചാവയവം നിർബന്ധമായും വേണമെന്നില്ല. ഇത് കാണിക്കാനാണ് പ്രമാണം തർക്കം ഇവ പഞ്ചാവയവങ്ങളിൽ അന്തർഭാവിതമാണെങ്കിലും വിശേഷമായി ''പ്രമാണതർക്ക സാധനോപാലംബ:'' എന്ന് കൊടുത്തിരിക്കുന്നത്.

(ലേഖനം ഇവിടെ അവസാനിക്കുന്നു)

**ബ്രഹ്മൻ ത്വം ബ്രഹ്മസി (യജുർവേദം 10.28)**
**ഹേ ബ്രഹ്മൻ! നീ അറിവുള്ളവനാകുന്നു.**



*(മുൻലക്കത്തിന്റെ തുടർച്ച)*

# ദയാനന്ദ ദൃഷ്ടാന്ത സംഗ്രഹം

സത്യാനന്ദ് 'വേദവാഗീശ്'
തർജ്ജമ : ബ്രഹ്മചാരി ശാസ്തൃശർമ്മൻ

## അവിദ്യാമൂർത്തികളായ ഭസ്മലേപികൾ

**ഭസ്മലേപി:** മിണ്ടാതിരിക്കൂ. നിങ്ങൾക്ക് സന്യാസികളുടെ കർമ്മമെന്താണെന്നറിയാമോ? സന്യാസികളുടെ ധാമം എത്രയോ ഉയർന്നതാണ്. സന്യാസിയുമായി വഴക്കടിക്കാൻ തുടങ്ങേണ്ട. ഈ ലോഹക്കഷണം കൊണ്ട് തലക്കൊന്ന് തന്നാൽ തല ചിതറിപ്പോകുമെന്ന് മനസ്സിലാക്കിയ്ക്കോ.

**പണ്ഡിതൻ:** കൊള്ളാം. നിങ്ങൾ അധികം കോപിക്കേണ്ട. നിങ്ങൾ മടങ്ങിപ്പോയ് കൊള്ളുക. ഇന്നത്തെ രാജ്യസ്ഥിതി എന്താണെന്ന് നിങ്ങൾക്കറിയാമോ? ആരെങ്കിലും അടിച്ചാൽ ബന്ധനസ്ഥനാകയോ ചൂരൽകൊണ്ടടികിട്ടുകയോ ചെയ്യും. അതല്ലെങ്കിൽ ആരെങ്കിലും അപ്പോൾതന്നെ തിരിച്ച് അടിച്ചെന്നും വരും. അപ്പോൾ നിങ്ങളെന്ത് ചെയ്യും? ഇതൊന്നും സന്യാസികളുടെ ലക്ഷണമല്ല.

**ഭസ്മലേപി:** ഈ ശിഷ്യന്മാർ ഏത് രാക്ഷസന്റെ മുഖമാണെന്നെ കാണിച്ചത്?

**പണ്ഡിതൻ:** നിങ്ങൾ ഇതുവരെ പണ്ഡിതന്മാരുമായി ഇടപഴകിയിട്ടില്ല. അല്ലാത്തപക്ഷം ഇത്ര മൂഢനാകുമായിരുന്നില്ല.

**ഭസ്മലേപി:** ഞങ്ങൾ സ്വയം മഹാത്മാക്കളാണ്. ഞങ്ങൾക്ക് വേറെയാളുടെ ആവശ്യമെന്താണ്?

**പണ്ഡിതൻ:** ഭാഗ്യം നഷ്ടമായിട്ടുള്ളവരുടെ ബുദ്ധിയും അഭിമാനവും നിങ്ങളുടെ പോലെതന്നെയാണ്. ഇത്രയുമായപ്പോൾ ഭസ്മലേപി തന്റെ സ്ഥാനത്തേയ്ക്ക് പോവുകയും പണ്ഡിതൻ വീട്ടിലേയ്ക്ക് പോവുകയും ചെയ്തു. സന്ധ്യയ്ക്കുള്ള പ്രാർത്ഥനയെല്ലാം കഴിഞ്ഞ് ഭസ്മലേപികളും വൃദ്ധനായ ഖാഖിയെ 'ഡൺഡോത്ത്. ഡൺഡോത്ത്' എന്നിങ്ങിനെ പറഞ്ഞ് നമസ്കരിച്ചു. അതിനുശേഷം ഭസ്മലേപി രാമദാസിനോട് ഇപ്രകാരം ചോദിച്ചു. നീ എന്തുപഠിച്ചിട്ടുണ്ട്

**രാമദാസ്:** മഹാരാജ്. ഞാൻ 'വേസ്നുസഹസരനാമം' പഠിച്ചിട്ടുണ്ട്.

**ഭസ്മലേപി:** ഗോവിന്ദാസിയേ! നീ എന്തുപഠിച്ചിട്ടുണ്ട്?

**ഗോവിന്ദാസിയ:** ഞാൻ 'രാമസതവരാജ്' പഠിച്ചിട്ടുണ്ട്.

അപ്പോൾ രാമദാസ് ഭസ്മലേപിയോട് ചോദിച്ചു. 'മഹാരാജ്, താങ്കൾ എന്തുപഠിച്ചിട്ടുണ്ട്?'

**ഭസ്മലേപി:** നാം ഗീത പഠിച്ചിട്ടുണ്ട്.

**രാമദാസ്:** എവിടെ നിന്നു പഠിച്ചു?

**ഭസ്മലേപി:** നാം ആരേയും ഗുരുവാക്കാറില്ല. നാം പ്രയാഗയിൽ താമസിച്ചിരുന്നപ്പോൾ നമുക്കക്ഷരംപോലും അറിഞ്ഞുകൂടായിരുന്നു. എപ്പോഴെങ്കിലും ഏതെങ്കിലുമൊരു പണ്ഡിതനെക്കണ്ടാൽ ഗീതയെടുത്ത് ഈ പുള്ളിയുള്ള അക്ഷരത്തിന്റെ പേരെന്താണെന്ന് ചോദിക്കുമായിരുന്നു. ഇങ്ങിനെചോദിച്ച് ചോദിച്ച് ഗീതയുടെ പതിനെട്ടദ്ധ്യായവും പൂർത്തിയാക്കി. എന്നാൽ ഒരുവനേയും ഗുരുവാക്കിയില്ല.

**(തുടരും)**

**ധർമ്മം ചര (തൈ. 2. 1.11.1)**
**ധർമ്മാചരണം ചെയ്യൂ !**



# സപ്ത ഋഷികളുടെ നിസർഗോപചാരം അഥവാ പ്രകൃതിചികിത്സ വേദങ്ങളിൽ

പണ്ഡിറ്റ് ശ്രീപാദ് ദാമോദർ സാതവലേക്കർ
തർജ്ജമ: ശ്രീകുമാർ. എൻ

*(മുൻലക്കത്തിന്റെ തുടർച്ച)*

### ഗോതമ ഋഷിയുടെ ഹവന ചികിത്സ

**ഗോതമ** ഋഷി പറയുന്നു - 'ഹേ വായോ ! ഔഷധഗുണത്തെ ഇവിടെ എന്റെ അടുക്കൽ കൊണ്ടുവരൂ. ഹേ വായോ ! ഏതൊരു ദോഷമുണ്ടോ അവയെ നീ എന്നിൽ നിന്ന് ദൂരെ അകറ്റൂ. നീ എല്ലാം ഔഷധങ്ങളുടെയും സ്വരൂപം ആകുന്നു. നീ ദേവതകളുടെ ദൂതനായി ജഗത്തിൽ കറങ്ങികൊണ്ടേ ഇരിക്കുന്നു' (മന്ത്രം 3).

ഇത് ഗോതമ ഋഷിയുടെ കഥനം ആകുന്നു. വായു ഒരു സ്ഥലത്തുള്ള ഔഷധങ്ങളുടെ ഗുണത്തെ എടുത്ത് മറ്റൊരു സ്ഥലത്ത് എത്തിച്ച് അവിടെയുള്ള രോഗ ബീജങ്ങളെ ഇല്ലാതാക്കുന്നു. ഹിമാലയത്തിനുള്ളിൽ ചിലരുടെ പിത്തം വർദ്ധിപ്പിക്കുന്നു, ചിലർക്ക് തലകറക്കം തോന്നുന്നു, മറ്റു ചിലയിടത്ത് മനസ്സിൽ അപൂർവ്വ ആഹ്ലാദം വർദ്ധിക്കുന്നു. ഇവ കേവലം ഔഷധികളുടെ സുഗന്ധം കൊണ്ട് ഉണ്ടാവുന്നതാണ്.

ഈ വായുവിന്റെ ഗുണത്തിന് വിചാരം ചെയ്താണ് ഹവന ചികിത്സയുടെ വിധി ആരംഭിച്ചത്. വായു ഒരു സ്ഥലത്തുനിന്ന് ഔഷധഗുണം മറ്റൊരിടത്ത് എത്തിക്കുന്നു എങ്കിൽ കൃത്രിമമായി ഔഷധഗുണം വായുവിൽ ചേർത്താൽ വായു അതിനെയും മറ്റ് സ്ഥലങ്ങളിൽ എത്തിക്കും എന്ന തത്വമാണ് ഹവനചികിത്സയിൽ ഉള്ളത്. നാനാപ്രകാരത്തിലുള്ള ഔഷധികൾ ഹവനചികിത്സയിൽ ഉപയോഗിക്കുന്നു. അഗ്നി ഈ ഔഷധികൾ സൂക്ഷ്മ കണങ്ങൾ ആക്കി വായുവിൽ എത്തിക്കുകയും വായു അതിനെ നാനാ ചുറ്റും പ്രസരിപ്പിച്ച് ആരോഗ്യത്തെ ഉണ്ടാക്കുകയും ചെയ്യുന്നു. ഈ ശുദ്ധ ശാസ്ത്ര ചിന്തയാണ് ഹവന ചികിത്സയിലുള്ളത്.

പ്രകൃതിദത്തമായ ഔഷധങ്ങളുടെ സുഗന്ധവും രോഗ ബീജങ്ങൾ നശിപ്പിക്കുന്നു. ഉദാഹരണത്തിന് തുളസി, നീലഗിരി തുടങ്ങിയവയുടെ ഇലകൾ കൊണ്ട് ഹിമജ്വരത്തിന്റെ ബീജം നശിക്കുന്നു. ഇപ്രകാരം രൂക്ഷഗന്ധമുള്ള ഔഷധങ്ങളുടെ ഗന്ധം രോഗബീജങ്ങളെ നശിപ്പിക്കുന്നു.

ആദ്യ മന്ത്രത്തിൽ ദേവതകളുടെ സംബന്ധം തെറ്റ് ആകുമ്പോൾ നമുക്ക് രോഗം വരുന്നുവെന്നും അതിനാൽ ദേവതകളുടെ സഹായത്താൽ അവയെ ഇല്ലാതാക്കണമെന്നും പറയുന്നു. അവിടെ പൃഥിവി, ജലം, അഗ്നി, വായു, സൂര്യൻ ആദിയായ ദേവതകളും ആയുള്ള സംബന്ധം ചർച്ചചെയ്യപ്പെട്ടു.

**പാവകവർണ്ണഃ ശുചയോ വിപശ്ചിതഃ (യജു. 33.81).**
**വിദ്വാൻ അഗ്നി തുല്യ തേജസ്വിയും പവിത്രവുമാണ്.**

രണ്ടാമത്തെ മന്ത്രത്തിൽ വായുവിന്റെ സംബന്ധം പറഞ്ഞുകൊണ്ട് വായു ബലം കൊണ്ടുവരുന്നു എന്നും ദോഷം അകറ്റുന്നു എന്നും പറഞ്ഞിരിക്കുന്നു. ശരീരത്തിൽ ഈ പ്രക്രിയ ശ്വാസ ഉച്ഛ്വാസത്താൽ നടന്നുകൊണ്ടിരിക്കുന്നു

മൂന്നാമത്തെ മന്ത്രത്തിൽ പറയുന്നു വായു ഔഷധത്തെ കൊണ്ടുവന്നു രോഗബീജത്തെ നശിപ്പിക്കുന്നു എന്ന്. ഇതിൽ നിന്ന് ഹവന ചികിത്സയുടെ വിധി ആരംഭിച്ചു. ഹവന ചികിത്സയിൽ സ്ഥാന ശുദ്ധി, വായു ശുദ്ധി, ജല ശുദ്ധി ഇവ നടക്കുന്നു. മാത്രമല്ല, ഹവനത്തിന്റെ സുഗന്ധം ആരുടെ നാസികയിലൂടെ ശരീരത്തിലെത്തുന്നുവോ അവനിൽ സ്വാസ്ഥ്യം ഉണ്ടാക്കുന്നു. ഇതിനുശേഷം അത്രിമഹർഷിയുടെ മന്ത്രമാണ് വരുന്നത്. അദ്ദേഹം മാനസ ചികിത്സയെക്കുറിച്ച് പറയുന്നുത് എന്താണ് എന്ന് നോക്കാം.

**അത്രിമഹർഷിയുടെ മാനസിക ചികിത്സ**

ഹേ രോഗിയായ മനുഷ്യാ! ഞാൻ നിന്റെ അടുത്ത് സുഖവും ആരോഗ്യവും വർദ്ധിപ്പിക്കുന്ന ബലങ്ങളുടെ കൂടെ എത്തിയിരിക്കുന്നു. നിന്റെ ഉള്ളിൽ ഞാൻ സുഖം ഉണ്ടാക്കാനുള്ള സാമർത്ഥ്യം നിറച്ചിരിക്കുന്നു. ഇതിനാൽ ഇപ്പോൾ നിന്റെ ഉള്ളിലുള്ള എല്ലാ രോഗങ്ങളും രോഗ ബീജങ്ങളും ഇല്ലാതായിരിക്കുന്നു (മന്ത്രം 4). ഇത് മാനസിക ചികിത്സ ആവുന്നു.

മംഗള ഭാവനകൾ രോഗിയുടെ ചിത്തത്തിൽ സ്ഥാപിക്കുകയും അവയെ അവിടെ സ്ഥിരം ആക്കുകയും ചെയ്യുക എന്നതാണത്. ഇതിനാൽ ആന്തരിക മാനസിക ശക്തിയിലൂടെ രോഗത്തെ ഇല്ലാതെ ആക്കുന്നു. മനസ്സ് സമർത്ഥം ആകുമ്പോൾ, ബലമുള്ളത് ആകുമ്പോൾ രോഗങ്ങൾ വരികയില്ല. ഇതുകൊണ്ട് അത്രി മഹർഷി മനസ്സിനെ സാമർത്ഥ്യമാക്കാനുള്ള വിധിയെ പറഞ്ഞിരിക്കുന്നു.

രോഗിയുടെ അടുത്ത് പോകുന്ന മനുഷ്യൻ താൻ വലിയ സാമർത്ഥ്യമുള്ള ആളാണ് എന്നും രോഗിയുടെ മനസ്സിൽ വിശ്വാസം ഉണ്ടാക്കാൻ ശ്രമിക്കണം. ഇദ്ദേഹം യോഗിയാണ് യോഗസമാനമായ സാമർത്ഥ്യം ഇദ്ദേഹത്തിൽ ധാരാളമുണ്ട്, അദ്ദേഹം അനേകം രോഗികളെ സാമർത്ഥ്യത്താൽ ഭേദം ആക്കിയിട്ടുണ്ട് എന്നിങ്ങനെയുള്ള കാര്യങ്ങൾ ശ്രദ്ധ ഉണ്ടാക്കാൻ സഹായിക്കുന്നു. അങ്ങനെയുള്ള ആളുകളുടെ സ്പർശം ആശീർവാദം ഇവ രോഗിക്ക് ആരോഗ്യം തിരിച്ചു കിട്ടാൻ സഹായിക്കുന്നു. ഇത് കേവലം മനുഷ്യനാൽ മാത്രമല്ല സംഭവിക്കുന്നത്. ദേവ-ദേവതകളുടെ സ്ഥാനങ്ങൾ, മൂർത്തി, കുളം, വൃക്ഷം എന്നിങ്ങനെ അനേകം പുണ്യസ്ഥലങ്ങൾ രോഗിക്ക് ആരോഗ്യം നല്കുന്നതിൽ സാമർത്ഥ്യം ഉള്ളവയാണ്. ഏതുവിഷയത്തിൽ രോഗിക്ക് ശ്രദ്ധ ഉണ്ടാവുന്നുവോ ആ ശ്രദ്ധ രോഗിക്ക് ആരോഗ്യപ്രദമായി ഭവിക്കുന്നു. രോഗിയുടെ ശ്രദ്ധയാണ് ഇവിടെ മുഖ്യം. തങ്ങളുടെ ദേശത്തെ രോഗം ഇല്ലാതാക്കാൻ പ്രസിദ്ധങ്ങളായ അനേകം സ്ഥലങ്ങൾ ഉണ്ടാകും ഇവയുടെ കാര്യത്തിൽ ശ്രദ്ധയാണ്. പ്രധാനം അത്രിമഹർഷിയുടെ ചികിത്സ അഥവാ ശ്രദ്ധ ചികിത്സയെക്കുറിച്ച് പറഞ്ഞു, ഇതിന്റെ മറ്റൊരുപേര് വിചാര ചികിത്സ എന്നും ഭാവനാ ചികിത്സാ എന്നുമാണ്. ഇത് വളരെ മഹത്വമുള്ളതായി കരുതപ്പെടുന്നു.

**(തുടരും)**

**യോ അഭ്രജാ വാതജാ യശ്ച ശുഷ്മഃ (അഥർവ്വം 1.12.3)**
**രോഗങ്ങൾ വാത, പിത്ത, കഫദോഷത്താൽ ഉണ്ടാകുന്നു.**



ബാലപംക്തി

# ഗുണപാഠ കഥകൾ

സമ്പാദകൻ : കെ. കെ. ജയൻ ആര്യ

## ജ്ഞാനമാണ് മോക്ഷകാരണം കേവലം സംസ്ക്കാരമല്ല

**ശു**കദേവന്റെ ബാല്യകാലം, അവന് ജീവിതത്തിൽ വിരക്തി വന്ന് വനത്തിൽ പോകണമെന്ന് ആഗ്രഹം തോന്നി. പിതാവായ വ്യാസനോട് തന്റെ ഇംഗിതമറിയിച്ചു. അപ്പോൾ വ്യാസൻ പറഞ്ഞു.

'സൗമ്യാ ഇപ്പോൾ നിന്റെ സംസ്ക്കാരങ്ങളൊന്നും പൂർത്തിയായിട്ടില്ല. പിന്നെ എന്തിനാണ് നീ ഗൃഹം വിട്ട് വനത്തിൽ പോകുന്നത്?' ശുകൻ പറഞ്ഞു. 'പിതാവേ, എല്ലാ സംസ്ക്കാരങ്ങളും സംസാരത്തിലേക്ക് ബന്ധിപ്പിക്കുന്നു. അതുകൊണ്ട് ബന്ധവിമുക്തി നേടി വനത്തിൽ പോകുവാൻ ഞാൻ ആഗ്രഹിക്കുന്നു.' ഇതുകേട്ട വ്യാസൻ പറഞ്ഞു. 'മകനേ! ശാസ്ത്രം ഇങ്ങനെയും പറയുന്നു, വിധി പൂർവ്വം ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സംന്യാസം എന്നീ ആശ്രമധർമ്മം പാലിക്കണമെന്നും അതിനുശേഷം മോക്ഷം പ്രാപിക്കണമെന്നും.'

ബാലനായ ശുകൻ മറുപടിയായി പറഞ്ഞു. 'ബ്രഹ്മചര്യത്തിലൂടെ മോക്ഷം പ്രാപിക്കുമെങ്കിൽ നപുംസകങ്ങൾക്ക് എളുപ്പം മോക്ഷം നേടാൻ കഴിയുമല്ലോ, ഗൃഹസ്ഥിക്ക് മോക്ഷം കിട്ടുമെങ്കിൽ എല്ലാ ഗൃഹസ്ഥികൾക്കും എന്തുകൊണ്ട് മോക്ഷം ലഭിക്കുന്നില്ല? വാനപ്രസ്ഥികൾക്ക് മോക്ഷം ലഭിക്കുമെങ്കിൽ വനവാസികളായ എല്ലാ മൃഗങ്ങൾക്കും മോക്ഷം കിട്ടണം. ഇനി സംന്യാസികൾക്കാണ് മോക്ഷം ലഭിക്കുമെന്നാണെങ്കിൽ സമ്പത്തില്ലാത്തവർക്കും ദരിദ്രർക്കും മോക്ഷം ലഭിക്കണം.'

വ്യാസൻ പറഞ്ഞു. "പും നാമ നരകത്തിൽ നിന്നും പിതാവിനെ പുത്രൻ രക്ഷിക്കുന്നു, പുത്രൻ തന്നെയാണ് പിതാവിന്റെ സ്വർഗ്ഗപ്രാപ്തിക്കുകാരണമാകുന്നത്."

ശുകൻ : 'പുത്രനുണ്ടാകുന്നതുമാത്രമാണ് സ്വർഗ്ഗപ്രാപ്തിക്കു കാരണമെങ്കിൽ പന്നിയും പട്ടിയുമെല്ലാം സ്വർഗ്ഗത്തിലെത്തില്ലെ?

വ്യാസൻ: 'മനുഷ്യൻ പുത്രദർശനത്താൽ പിതൃ ഋണത്തിൽ നിന്നും മുക്തനാകുന്നു. പൗത്ര ദർശനം കൊണ്ട് ദേവഋണവും സമാപ്തമാകുന്നു, സ്വർഗ്ഗപ്രാപ്തിയുമുണ്ടാകുന്നു.'

ശുകദേവൻ മറുപടി പറഞ്ഞു. 'പിതാവേ! കഴുകൻ ചിരകാലം ജീവിച്ചിരിക്കുന്നു. സന്തതിപരമ്പരയെ സൃഷ്ടിക്കുന്നു. എങ്കിലും മോക്ഷം ലഭിക്കുന്നില്ല. കുലവും സംസ്ക്കാരവും കൊണ്ട് കുറച്ച് ഫലം ലഭിക്കുന്നു എന്നത് ശരിയാണ്. എന്നാൽ നല്ല ഫലം ലഭിക്കുന്നില്ല. കേവലം സംസ്ക്കാരങ്ങൾ മാത്രമല്ല മോക്ഷകാരണം. വിവേകവും ജ്ഞാനവും സത്കർമ്മങ്ങളും ചേർന്നാണ് മനുഷ്യനെ മോക്ഷത്തിലേക്കുനയിക്കുന്നത്.'

■

**ഈശാവാസ്യമിദം സർവ്വമ് । (യജുർവേദം 40.1)**
**ഈ ജഗത്ത് മുഴുവൻ ഈശ്വരമയമാണ്.**

# യജുർവേദം ഒരു സരള പരിചയം

ഡോ. ഭവാനിലാൽ ഭാരതീയ
തർജ്ജമ : കെ. എം. രാജൻ മീമാംസക്

*(മുൻലക്കത്തിന്റെ തുടർച്ച)*

### പ്രസ്താവന (തുടർച്ച)

**ഈ** ലേഖകൻ ഗവർണമെന്റ് കോളേജ് പാലി (രാജസ്ഥാൻ)യിൽ പഠിക്കുന്ന അവസരത്തിൽ അന്നത്തെ പ്രിൻസിപ്പൽ ഡോ. മൻമോഹൻ സിംഗ് വേദങ്ങൾ യഥാർത്ഥത്തിൽ എവിടെയെങ്കിലുമുണ്ടോ എന്ന് ചോദിക്കുന്നത് കേട്ടപ്പോൾ ആശ്ചര്യപ്പെട്ടുപോയി. വേദങ്ങളുടെ അസ്തിത്വം ഇല്ലാതായിട്ടുണ്ടോ? തന്റെ പുസ്തകാലയത്തിൽ നാല് വേദങ്ങളുമുണ്ടെന്നും അവ കാണിച്ചുതരാം എന്നും ഞാൻ പറയുകയുണ്ടായി.

വിദ്യാഭ്യാസമില്ലാത്തവരിലും ഉള്ളവരിലും വേദങ്ങളെക്കുറിച്ചുള്ള ഈ അജ്ഞത കാണുമ്പോൾ വേദങ്ങളെ പരിചയപ്പെടുത്തുന്ന ലഘു ഗ്രന്ഥങ്ങളുടെ രചന ആവശ്യമാണെന്ന് തോന്നി. വലിപ്പത്തിലെ കുറവ് കണ്ട് ആദ്യം യജുർവേദത്തിന്റെ (40 അധ്യായങ്ങൾ, 1975 മന്ത്രങ്ങൾ) ഒരു സരള സ്വാധ്യായം പ്രസിദ്ധീകരിക്കാൻ ആഗ്രഹം തോന്നി. യജുർവേദത്തിൽ പ്രതിപാദിക്കുന്ന പുരുഷാർത്ഥ ചതുഷ്ടയം, യജ്ഞം, ആത്മീയതയും ദർശനവും, സൃഷ്ടിരചന, മോക്ഷം, യജുർവേദത്തിന്റെ നൈതികവും ധാർമ്മികവുമായ പാഠങ്ങൾ, യജുർവേദത്തിലെ മനോവിജ്ഞാനം, യുക്തിവാദം, സമാജദർശനം, രാഷ്ട്രഭാവന, പരിസ്ഥിതി സംരക്ഷണം, അതിൽ കാണപ്പെടുന്ന കാവ്യാത്മക ഘടകങ്ങൾക്ക് പുറമേ വിശ്വമാനവ ഐക്യം തുടങ്ങിയ പ്രയോജനകരങ്ങളായ വിഷയങ്ങളുടെ ശ്രേണിയിൽപ്പെടുത്തി ഉദാഹരണങ്ങളിലൂടെ സ്ഥിരീകരിക്കുകയും ചെയ്യാൻ ശ്രമിച്ചു. വായനക്കാർക്ക് ഈ പരിചയാത്മകമായ ഗ്രന്ഥം ഇഷ്ടപ്പെടുകയാണെങ്കിൽ മറ്റു വേദങ്ങളേയും ഇതേ ശൈലിയിൽ അവതരിപ്പിക്കാൻ പരിശ്രമിക്കുന്നതാണ്.

ഡോ. ഭവാനിലാൽ ഭാരതീയ.
മാഘി പൂർണിമ, വിക്രമസംവത്സരം 2062
രത്നാകർ, നന്ദൻവൻ (8/423) ജോധ്പൂർ.

## അധ്യായം 1
## യജുർവേദത്തിന്റെ സാമാന്യ പരിചയം
## പുരുഷാർത്ഥ ചതുഷ്ടയവും യജ്ഞവിവേചനവും

നാല് വേദസംഹിതകളിലും വച്ച് യജുർവേദത്തിന് രണ്ടാം സ്ഥാനമുണ്ട്. മന്ത്രങ്ങളുടെ എണ്ണത്തിന്റെ ദൃഷ്ടിയിൽ ഇത് മൂന്നാം സ്ഥാനത്താണ്. നാല്പത് അധ്യായങ്ങളായി വിഭജിച്ചിരിക്കുന്ന യജുർവേദത്തിൽ ആകെ മന്ത്രങ്ങൾ 1975 ആണ്. ഒരു മനുഷ്യൻ തന്റെ ജീവിതത്തിൽ ചതുർവിധ പുരുഷാർത്ഥം നേടാൻ പരിശ്രമിക്കണമെന്ന് ഭാരതീയ സംസ്ക്കാരം ഊന്നൽ നൽകുന്നു. ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നിവയാണ് ഈ നാല് പുരുഷാർത്ഥങ്ങൾ. ഈ നാല് പുരുഷാർത്ഥങ്ങൾ ഒരാൾക്ക് നേടാനായാൽ

അയാളുടെ ജീവിതം സഫലമായി എന്ന് പറയാം. ധർമ്മം എന്ന ശബ്ദം ഏത് ധാതുവിൽ നിന്നാണോ അതിന്റെ അർത്ഥം ധാരണം ചെയ്യുക അഥവാ ധാരണം ചെയ്യുന്നത് എന്നാണ്.[1] നമ്മുടെ ശാസ്ത്രങ്ങളിൽ ധർമ്മത്തിന് വിഭിന്ന പരിഭാഷകൾ നൽകിയിട്ടുണ്ട്. വസ്തുവിന്റെ സ്വഭാവത്തെ ധർമ്മമെന്ന് പറയുന്ന പരിഭാഷ ഏറെ ശാസ്ത്രീയവും യുക്തിസഹവുമാണ്.[2] ഏതെങ്കിലും വ്യക്തിയുടെയോ വസ്തുവിന്റെയോ സഹജമായ ഗുണങ്ങളെ അതിന്റെ ധർമ്മം എന്നുവിളിക്കുന്നത് ഉചിതമാണ്. ഈ പരിഭാഷയനുസരിച്ച് അഗ്നിയുടെ ജ്വലനസ്വഭാവവും ജലത്തിന്റെ 'ഒഴുകുക' എന്ന സ്വഭാവവും അവയുടെ ധർമ്മമാണ്. വായുവിന്റെ പ്രവാഹം അതിന്റെ ധർമ്മമാണ്. ഭൂമിയുടെ ധാരണം ചെയ്യാനുള്ള കഴിവ് അതിന്റെ സഹജമായ ധർമ്മമാണ്. ദയാനന്ദസരസ്വതിയുടെ അഭിപ്രായത്തിൽ പക്ഷപാതരഹിതമായതും ന്യായയുക്തവും സത്യഭാഷണത്താൽ സംയുക്തമായതുമാണ് ധർമ്മം. ഈശ്വരാജ്ഞയുടെ രൂപത്തിൽ മാനവസമൂഹത്തിന് പ്രാപ്തമായ വേദങ്ങളുടെ നിർദ്ദേശങ്ങൾ ധർമ്മമെന്നുപറയുന്നു.[3] അതേ പോലെ ഇവയ്ക്ക് വിപരീതമായി പക്ഷപാതപരവും അന്യായം അഥവാ അസത്യയുക്തമായ ആചരണങ്ങൾക്ക് അധർമ്മമെന്ന് പറയുന്നു. ഭാരതത്തിന്റെ വൈദികപരമ്പരയിൽ വേദങ്ങൾക്ക് സർവ്വാധിക മഹത്വം നൽകിയിട്ടുണ്ട്. ഈ ധാരണയിൽ പ്രഭാവിതനായ മഹർഷി ജൈമിനി തന്റെ മീമാംസാദർശനത്തിൽ വേദങ്ങളുടെ ആജ്ഞകൾക്കും ഉപദേശങ്ങൾക്കും ധർമ്മം എന്ന സംജ്ഞ നൽകി.[4] അതുപോലെ നമ്മുടെ ഇഹലോകത്തും പരലോകത്തും (മോക്ഷം) ആദർശങ്ങൾ കൈവരിക്കുന്നതിന് സഹായകമായി ധർമ്മത്തെ മഹർഷി കാണാദൻ കണക്കാക്കുന്നു.[5] ധാരണം ചെയ്യുന്നതാണ് ധർമ്മത്തിന്റെ പ്രമുഖ തത്വമെന്ന് മഹാഭാരതം പറയുമ്പോൾ മനുസ്മൃതി നിർദ്ദേശിക്കുന്നത് ധൈര്യം, ക്ഷമ, ഇന്ദ്രിയദമനം, മോഷണം ചെയ്യാതിരിക്കുക, പവിത്രത, മനസ്സിന്റെ വശീകരണം, ബുദ്ധി, വിദ്യ, സത്യം, ക്രോധമില്ലാതിരിക്കുക എന്നീ പത്തുലക്ഷണങ്ങളാണ് ധർമ്മത്തിന്റേതായി പറയുന്നത്.[6]

മേൽവിരിച്ചതിൽ നിന്ന് ധർമ്മത്തിന്റെ വിശാലമായ അർത്ഥം മനസ്സിലാക്കാനാവും. അതോടൊപ്പം സംസ്കൃതഭാഷയിലെ 'ധർമ്മ' മെന്ന ശബ്ദം അതിൽ അന്തർലീനമായിരിക്കുന്ന ഏതുപദത്തിലും അദ്വിതീയവും അതുല്യവുമാണെന്ന് വ്യക്തമാവും. ഇവയിൽ പ്രകടമായ ഭാവം വ്യക്തമാക്കുന്ന ധർമ്മത്തിന്റെ ഒരു പര്യായ പദം ലോകത്തിന്റെ ഒരു ഭാഷയിലും കാണുമായിരിക്കില്ല. വിഭിന്ന വിഭാഗക്കാർ, മതാവലംബികൾ തുടങ്ങിയവർ ഈ ശബ്ദത്തിന് ഏതുപരിഭാഷ നൽകിയാലും അവ ധർമ്മത്തിന്റെ പര്യായവാചിയാവില്ല. സ്വകർത്തവ്യപാലനത്തിനും ധർമ്മമെന്ന് പറയും.

ധർമ്മപൂർവ്വകമായി സ്വത്ത് സമ്പാദിക്കുന്നതിനെ ശ്രേഷ്ഠമായി കണക്കാക്കുന്നു. അസത്യം, അന്യായം, അധർമ്മം എന്നിവയാൽ സമ്പാദിക്കുന്ന സ്വത്ത് മനുഷ്യന്റെ ആത്മീയ വികാസത്തിന് തടസ്സമായി മാറുന്നു. അതേസമയം അർത്ഥം പൂർണ്ണമായും അവഗണിക്കുന്നത് ഉചിതമല്ലെന്ന് ഓർമ്മിക്കേണ്ടതാണ്. ജ്ഞാനത്തിന്റെ മഹത്വം ഭാരതീയ ദർശനത്തിൽ സർവ്വത്ര വർണ്ണിച്ചിട്ടുണ്ട്.

**(തുടരും)**

ഒരു ആര്യസമാജം പ്രസിദ്ധീകരണം
Date of Publication: 10-07-2025

RNI No. KERMAL/2013/53849
Registered No. Ottapalam/5/2023-25




Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O), Palakkad - 679 504. Printed at Mudra Printers, Cherpulassery and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O), Palakkad 679 504.
Owner and Editor responsible for selecting articles: KM Rajan

**Email: dayanandasandesam@gmail.com** **Phone: 9446575923, 9497525923**